ഉത്തരം

(എ)&(ബി) ശാസ്ത്രമേളകൾ, കണക്ക് മേളകൾ, പ്രവൃത്തിപരിചയമേളകൾ, സംസ്കൃതോൽസവം എന്നിവയിൽ മൂന്നാം സ്ഥാനം നേടുന്നവർക്കും സ്പെഷ്യൽ സ്കൂൾ യുവജനോൽസവത്തിൽ രണ്ടാം സ്ഥാനം നേടുന്നവർക്കും 3% ഗ്രേസ് മാർക്ക് നല്കിവരുന്നു. യുവജനോൽസവത്തിൽ ഒന്നും രണ്ടും മൂന്നും എ ഗ്രേഡും ശാസ്ത്രമേളകൾ, കണക്കുമേളകൾ, പ്രവൃത്തിപരിചയ മേളകൾ, സംസ്കൃതോൽസവം എന്നിവയിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്കും സ്പെഷ്യൽ സ്കൂൾ യുവജനോൽസവത്തിൽ ഒന്നാം സ്ഥാനം നേടുന്നവർക്കും സ്കൗട്ടിൽ രാജ്യപുരസ്ക്കാർ സർട്ടിഫിക്കറ്റ് നേടുന്നവർക്കും 5% ഗ്രേസ് മാർക്ക് നല്കിവരുന്നു. സ്കൗട്ടിൽ രാഷ്ട്രപതി പുരസ്ക്കാർ സർട്ടിഫിക്കറ്റ് നേടുന്നവർക്ക് 10% ഗ്രേസ് മാർക്കും ദേശീയതല മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് 15% ഗ്രേസ് മാർക്കും നല്കുന്നു. പങ്കെടുക്കുന്ന വിദ്യാർത്ഥികളുടെ കണക്ക് നിശ്ചിതമല്ല.

(സി)&(ഡി) ഇല്ല.

(ഇ) ബാധകമല്ല.

പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ നടപടി

48 (831) ശ്രീ. എൻ. സുന്ദരൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാറശാല ഇവാൻസ് ഹൈസ്കൂളിൽ നിന്നും ഇക്കഴിഞ്ഞ എസ്. എസ്.എൽ.സി. പരീക്ഷ എഴുതിയ 83 വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം തടഞ്ഞു വച്ചിട്ടുള്ള വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫലം പ്രസിദ്ധീകരിക്കുന്നതിനും വിദ്യാർത്ഥികൾക്ക് തുടർ വിദ്യാഭ്യാസം ഇക്കൊല്ലം തന്നെ നടത്തുന്നതിനുംവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ വിദ്യാർത്ഥികളുടെ മേൽ നിയമപ്രകാരം നടപടി സ്വീകരിച്ച ശേഷം 14.6.99-ൽ ഇവരുടെ ഫലം പ്രസിദ്ധീകരിക്കുകയും സർട്ടിഫിക്കറ്റുകൾ അയച്ച് കൊടുക്കുകയും ചെയ്തിട്ടുണ്ട്.

തമിഴ് മീഡിയത്തിൽ കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥി

49 (832) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ തമിഴ് മീഡിയത്തിൽ സംസ്ഥാനത്ത് ഏറ്റവും കൂടുതൽ മാർക്ക് നേടിയ വിദ്യാർത്ഥി ആരാണ്;

(ബി) വിദ്യാർത്ഥിയുടെ മേൽവിലാസവും സ്കൂളിന്റെ പേരും ജില്ലയും വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) രണ്ടാം ഭാഷയായി തമിഴ്ഭാഷ പഠിച്ച വിദ്യാർത്ഥികളിൽ ഏറ്റവും കൂടുതൽ മാർക്കു നേടിയ വിദ്യാർത്ഥി ആരാണ്;

(ഡി) വിദ്യാർത്ഥിയുടെ പേരും വിലാസവും സ്കൂളും ജില്ലയും വ്യക്തമാക്കുമോ?

ഉത്തരം

(എ) കുമാരി ഷീബ. എം.

തമിഴ് - 97 മാർക്ക്

ആകെ മാർക്ക് - 527.

(ബി) കുമാരി. ഷീബ. എം. 4/114.

വാണിയാർ സ്ട്രീറ്റ്, കൊഴിഞ്ഞാം പാറ പി.ഒ. പാലക്കാട്,

സെന്റ് പോൾസ് എച്ച്. എസ്, കൊഴിഞ്ഞാംപാറ, പാലക്കാട് ജില്ല.

(സി) മീന. കെ, തമിഴ് - 90 മാർക്ക്

(ഡി) കുമാരി മീന. കെ. കെയർ ഓഫ് എം. കുമാര സ്വാമി, ടി.സി. 21/1859 (10), ചൈത്രം, കീഴാറന്നൂർ, കരമന പി. ഒ. തിരുവനന്തപുരം.

കോട്ടൺഹിൽ ഗേൾസ് എച്ച്.എസ്., തിരുവനന്തപുരം.*

പ്ലസ് ടൂ കോഴ്സുകൾ

50 (833) ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സുകൾ ആരംഭിക്കാൻ അപേക്ഷ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം സ്കൂളുകളിൽ നിന്നാണ് പ്ലസ് ടൂ അനുവദിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) ഇക്കൊല്ലം പ്ലസ് ടൂ അനുവദിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) 898 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.+

(സി) ഇക്കൊല്ലം സംസ്ഥാനത്ത് പുതുതായി പ്ലസ് ടൂ കോഴ്സുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly